2025 MAY
15
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## വോട്ടർ പട്ടികയിൽ

# ഒന്നിലധികം തവണ പേര് ചേർക്കുന്നത് ശിക്ഷാർഹം

**തിരുവനന്തപുരം:** വോട്ടർ പട്ടികയിൽ ഒന്നിലധികം തവണ പേര് ചേർക്കുന്നത് ശിക്ഷാർഹമെന്ന് സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽക്കർ അറിയിച്ചു. 1950ലെ ജനപ്രാതിനിധ്യ നിയമം വകുപ്പ് 17, 18 പ്രകാരം രാജ്യത്ത് ഒന്നിലധികം നിയമസഭാ മണ്ഡലങ്ങളിലോ, ഒരു നിയമസഭാ മണ്ഡലത്തിൽ ഒന്നിലധികം തവണയോ വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ പാടില്ല. ഒരു സ്ഥലത്ത് വോട്ടുള്ള കാര്യം ബോധപൂർവ്വം മറച്ചുവച്ച് മറ്റൊരു സ്ഥലത്ത് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നത് 1950ലെ ജനപ്രാതിനിധ്യ നിയമം വകുപ്പ് 31 പ്രകാരം ഒരു വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.നിലവിൽ ഇത്തരത്തിൽ ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ സ്ഥിരം താമസമില്ലാത്ത സ്ഥലത്തെ വോട്ടർ പട്ടികയിൽ നിന്നും പേര് നീക്കം ചെയ്യുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടേഴ്സ് പോർട്ടലിൽ ഓൺലൈനായി വോട്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെയോ, ബൂത്ത് ലെവൽ ഓഫീസറുടെയോ സഹായം തേടാവുന്നതുമാണ്. ഒരു സ്ഥലത്ത് നിന്നും താമസം മാറുമ്പോൾ വോട്ടർ പട്ടികയിൽ നിന്നും പുതിയ സ്ഥലത്തേയ്ക്ക് പേര് മാറ്റുന്നതിന് ഫോം 8ൽ അപേക്ഷ നൽകണം. ഇതിനു പകരം പുതിയ സ്ഥലത്ത് ഫോം 6ൽ വിവരങ്ങൾ ബോധപൂർവ്വം മറച്ചുവച്ച് പുതിയ അപേക്ഷ നൽകുന്നത് കുറ്റകരമാണ്.ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഒന്നിലധികം തിരിച്ചറിയൽ കാർഡുകൾ കൈവശമുള്ളവരും എത്രയും പെട്ടെന്ന് അതത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരെ സമീപിക്കേണ്ടതാണ്. നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ വോട്ടർ പട്ടിക സൂക്ഷ്മ പരിശോധന നടത്തി ബോധപൂർവ്വം ഒന്നിലധികം തവണ പേര് ചേർത്തവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും (ജില്ലാ കളക്ടർ) നിർദ്ദേശം നൽകിയിട്ടുണ്ട്. വോട്ടർ പട്ടികയുടെ ശുദ്ധീകരണത്തിൽ എല്ലാവരും പങ്കാളികളാകുവാൻ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽക്കർ അഭ്യർത്ഥിച്ചു.



## ഉത്തർപ്രദേശിൽ സെമികണ്ടക്ടർ യൂണിറ്റിന് അംഗീകാരം നൽകി

**ന്യൂഡൽഹി:** ഇന്ത്യ സെമികണ്ടക്ടർ മിഷന് കീഴിൽ ഒരു സെമികണ്ടക്ടർ യൂണിറ്റ് കൂടി സ്ഥാപിക്കുന്നതിന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. പുതിയ സെമികണ്ടക്ടർ യൂണിറ്റ് 3,700 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കും.ഇതിനകം അഞ്ച് സെമികണ്ടക്ടർ യൂണിറ്റുകൾ നിർമ്മാണത്തിന്റെ പുരോഗതിയിലാണ്. ഈ ആറാമത്തെ യൂണിറ്റിലൂടെ, തന്ത്രപരമായ പ്രാധാന്യമുള്ള സെമികണ്ടക്ടർ വ്യവസായം വികസിപ്പിക്കാനുള്ള യാത്രയിൽ ഭാരതം മുന്നോട്ട് നീങ്ങുന്നു.എച്ച്സിഎല്ലിന്റെയും ഫോക്സ്കോണിന്റെയും സംയുക്ത സംരംഭമാണ് ഇന്നലെ അംഗീകരിച്ച യൂണിറ്റ്. ഹാർഡ്‌വെയർ വികസിപ്പിക്കുന്നതിലും നിർമ്മിക്കുന്നതിലും എച്ച്സിഎല്ലിന് നീണ്ട ചരിത്രമുണ്ട്. ഇലക്ട്രോണിക്സ് നിർമ്മാണത്തിൽ ആഗോളതലത്തിൽ ഒരു പ്രധാന സ്ഥാപനമാണ് ഫോക്സ്കോൺ. യമുന എക്സ്പ്രസ്‌വേ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് അതോറിറ്റി അഥവാ യെയ്ഡയിലെ ജെവാർ വിമാനത്താവളത്തിന് സമീപം അവർ സംയുക്തമായി പ്ലാന്റ് സ്ഥാപിക്കും.മൊബൈൽ ഫോണുകൾ, ലാപ്ടോപ്പുകൾ, വാഹനങ്ങൾ, പേഴ്സണൽ കംപ്യൂട്ടറുകൾ, ഡിസ്പ്ലേ ഉള്ള മറ്റ് നിരവധി ഉപകരണങ്ങൾ എന്നിവയ്ക്കായി ഡിസ്പ്ലേ ഡ്രൈവർ ചിപ്പുകൾ ഈ പ്ലാന്റ് നിർമ്മിക്കും.പ്രതിമാസം 20,000 വേഫറുകൾക്കായാണ് പ്ലാന്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഡിസൈൻ ഔട്ട്പുട്ട് ശേഷി പ്രതിമാസം 36 ദശലക്ഷം യൂണിറ്റാണ്. രാജ്യത്തുടനീളം സെമികണ്ടക്ടർ വ്യവസായം ഇപ്പോൾ രൂപപ്പെട്ടുവരികയാണ്. രാജ്യത്തുടനീളം പല സംസ്ഥാനങ്ങളിലും ലോകോത്തര ഡിസൈൻ സൗകര്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

## കോഴിക്കോട് വിമാനത്താവളത്തിൽ വൻ ലഹരി വേട്ട; 40 കോടിയുടെ ലഹരി വസ്തുക്കൾ പിടിച്ചു

**കോഴിക്കോട്:** കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം വഴി കടത്താൻ ശ്രമിച്ച 40 കോടിയുടെ ല ലഹരിവസ്തുക്കൾ പിടികൂടി. മൂന്നു സ്ത്രീകൾ കസ്റ്റഡിയിൽ സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് & കസ്റ്റംസ് (സിബിഐസി) ചീഫ് കമ്മീഷണർ എസ്.കെ. റഹ്മാന്റെ നേതൃത്വത്തിൽ തിരുവനന്തപുരം മേഖലാ ഉദ്യോഗസ്ഥരാണ് 34 കിലോഗ്രാം ഹൈഡ്രോപോണിക് ലഹരി വസ്തുവും ആംഫെറ്റാമൈൻസമാന പദാർത്ഥങ്ങൾ അടങ്ങിയ 15 കിലോഗ്രാം ചോക്ലേറ്റുകളും പിടിച്ചെടുത്തത്. ഇവയുടെ ആകെ തുക 40 കോടി രൂപയോളമാണെന്നു കണക്കാക്കപ്പെടുന്നു. അന്താരാഷ്ട്ര വ്യോമ റൂട്ടുകളിലൂടെ എത്തിയ കേരള, തമിഴ്നാട് സ്വദേശികളായ മൂന്ന് സ്ത്രീകളിൽ നിന്നാണ് ലഹരിവസ്തുക്കൾ പിടികൂടിയത്. ഇവരെ കസ്റ്റഡിയിലെടുത്തു വിശദമായ അന്വേഷണം നടത്തി വരുന്നു. സമീപകാലത്തുണ്ടായ ഏറ്റവും വലിയ ലഹരിമരുന്നു വേട്ടകളിലൊന്നാണിത്. തിരുവനന്തപുരം മേഖല കഴിഞ്ഞ ആഴ്ചയിൽ മാത്രം അതിന്റെ അധികാരപരിധിയിലുള്ള വിവിധ വിമാനത്താവളങ്ങളിൽ നിന്നായി ഏകദേശം 65 കോടി രൂപ വിലമതിക്കുന്ന ലഹരിവസ്തുക്കളുടെ കള്ളക്കടത്ത് ശ്രമങ്ങളാണ് തടഞ്ഞത്

## പുതിയ അധ്യയന വർഷം: മുന്നൊരുക്കങ്ങൾ നടത്തിവരുന്നതായി മന്ത്രി വി ശിവൻകുട്ടി

**തിരുവനന്തപുരം:** 2025-26 അധ്യയന വർഷത്തെ സ്കൂൾ തുറക്കലുമായി ബന്ധപ്പെട്ട് മുന്നൊരുക്കങ്ങൾ നടത്തി വരുന്നതായി പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ അറിയിച്ചു. സ്കൂൾ കുട്ടികളുടേയും കെട്ടിടങ്ങളുടേയും സുരക്ഷ ഉറപ്പുവരുത്തണമെന്നും ജൂൺ 2 ന് സ്കൂൾ തുറക്കലിനു മുന്നോടിയായി സ്കൂൾ പരിസര ശുചീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കണമെന്നും മന്ത്രി നിർദേശിച്ചു.കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി സ്കൂൾ കെട്ടിടത്തിന്റെ ഫിറ്റ്നസ് വളരെ പ്രധാനപ്പെട്ടതാണ്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ ക്ലാസുകൾ നടത്തുവാൻ കഴിയൂ. സുരക്ഷ മുൻനിർത്തി സ്കൂൾ പരിസരം വൃത്തിയാക്കേണ്ടതും അപകടകരമായ സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതുമാണ്. സ്കൂളിൽ സുരക്ഷിതവും പ്രചോദനപരവുമായ ഒരു പഠനാന്തരീക്ഷം ഉണ്ടായിരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ ഇറക്കിയിട്ടുണ്ട്.



സൊസൈറ്റി ടുഡേ
SOCIETY TODAY




# ലൈഫ് പദ്ധതിയിൽ 2026 ഓടെ ആറര ലക്ഷം വീടുകൾ പൂർത്തിയാക്കും: മന്ത്രി

**കണ്ണൂർ:** ലൈഫ് ഭവന പദ്ധതിയിൽ 2026 ഓടെ സംസ്ഥാനത്തൊട്ടാകെ 6.5 ലക്ഷം വീടുകൾ പൂർത്തിയാക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ട എല്ലാവർക്കും വീട് നൽകിയ ജില്ലയിലെ 62 തദ്ദേശ സ്ഥാപനങ്ങളെ ആദരിക്കുന്ന പരിപാടി കണ്ണൂർ പോലീസ് മൈതാനിയിലെ 'എന്റെ കേരളം' വേദിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സംസ്ഥാനത്തൊട്ടാകെ ഇതുവരെ 4,51,000 വീടുകളാണ് പദ്ധതി വഴി പൂർത്തിയായത്. ആകെ 5,47,000 പേർക്ക് ലൈഫ് പദ്ധതിയിൽ തുക അനുവദിച്ചു. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. 18,080 കോടി രൂപയാണ് ഇതിനായി സർക്കാർ ചെലവിട്ടത്. ജില്ലയിൽ 62 തദ്ദേശ സ്ഥാപനങ്ങൾ അർഹരായ മുഴുവൻ പേർക്കും വീട് നൽകി എന്നത് സംസ്ഥാനത്തിനാകെ മാതൃകയാണ്. ശേഷിക്കുന്ന സ്ഥാപനങ്ങൾ കൂടി ഇതേ മാതൃക പിന്തുടരണമെന്നും മന്ത്രി പറഞ്ഞു.

മനസ്സോടിത്തിരി മണ്ണ് പദ്ധതിയിൽ ഭൂമി നൽകാൻ തയ്യാറായവരെ മന്ത്രി ആദരിച്ചു. ജില്ലയിലെ 62 തദ്ദേശസ്ഥാപന അധ്യക്ഷമാർ മന്ത്രിയിൽ നിന്ന് അനുമോദനം ഏറ്റുവാങ്ങി.

രജിസ്ട്രേഷൻ മ്യൂസിയം പുരാവസ്തു പുരാരേഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനായി. പാർപ്പിട പദ്ധതി പട്ടികയിലെ ഭൂമിയുള്ള മുഴുവൻ ഭവനരഹിതർക്കും ആനുകൂല്യം നൽകാനായത് ജില്ലയെ സംബന്ധിച്ചിടത്തോളം അഭിനർഹമാണെന്ന് മന്ത്രി പറഞ്ഞു. പദ്ധതി നടത്തിപ്പിൽ ക്രിയാത്മക ഇടപെടൽ നടത്തിയ തദ്ദേശ സ്ഥാപനങ്ങളെ മന്ത്രി അഭിനന്ദിച്ചു.

ലൈഫിൽ അർഹരായ മുഴുവൻ പേർക്കും വീട് നൽകിയ തദ്ദേശ സ്ഥാപനങ്ങൾപഞ്ചായത്തുകളായ കുഞ്ഞിമംഗലം, കരിവെള്ളൂർപെരളം, കാങ്കോൽആലപ്പടമ്പ, എരമംകുറ്റൂർ, ചെറുപുഴ, ചെറുതാഴം, ഏഴോം, ചെറുകുന്ന്, കല്യാശ്ശേരി, കണ്ണപുരം, നാറാത്ത്, പട്ടുവം, കുറുമാത്തൂർ, പരിയാരം, ഉദയഗിരി, കടന്നപ്പള്ളി പാണപ്പുഴ, ഇരിക്കൂർ, മലപ്പട്ടം, പയ്യാവൂർ, കുറ്റിയാറ്റൂർ, മയ്യിൽ, പാപ്പിനിശ്ശേരി, ചിറക്കൽ, അഴീക്കോട്, വളപട്ടണം, കടമ്പൂർ, മുണ്ടേരി, പെരളശ്ശേരി, കൊളച്ചേരി, ചെമ്പിലോട്, ധർമ്മടം, എരഞ്ഞോളി, പിണറായി, ന്യൂ മാഹി, മുഴപ്പിലങ്ങാട്, അഞ്ചരക്കണ്ടി, വേങ്ങാട്, കോട്ടയം, തൃപ്പങ്ങോട്ടൂർ, ചിറ്റാരിപ്പറമ്പ്, കുന്നോത്തുപറമ്പ്, മാങ്ങാട്ടിടം, കതിരൂർ, ചൊക്ലി, മൊകേരി, പന്യന്നൂർ, കീഴല്ലൂർ, തില്ലങ്കേരി, കൂടാളി, കണിച്ചാർ, കൊട്ടിയൂർ, കോളയാട്, കണ്ണൂർ കോർപറേഷൻ, നഗരസഭകളായ ആന്തൂർ, ഇരിട്ടി, കൂത്തുപറമ്പ്, മട്ടന്നൂർ, പാനൂർ, പയ്യന്നൂർ, ശ്രീകണ്ഠപുരം, തലശ്ശേരി, തളിപ്പറമ്പ് എന്നിവയാണ് ലൈഫ് പദ്ധതിയിൽ അപേക്ഷിച്ച എല്ലാവർക്കും വീട് നൽകിയത്.

കെ.വി സുമേഷ് എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ രത്നകുമാരി, വൈസ് പ്രസിഡന്റ് ബിനോയ് കുര്യൻ, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സി.എം കൃഷ്ണൻ, കേരള ചേമ്പർ ഓഫ് മുൻസിപ്പൽ ചെയർമാൻ പി മുകുന്ദൻ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് എം ശ്രീധരൻ, തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ടി ജെ അരുൺ, ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർ എം.പി വിനോദ് കുമാർ, നവകേരള മിഷൻ ജില്ലാ കോഓർഡിനേറ്റർ ഇ.കെ സോമശേഖരൻ എന്നിവർ പങ്കെടുത്തു.


# നിപ: സമ്പർക്കപ്പട്ടികയിലുള്ളവർ ഐസൊലേഷൻ മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കണം

**മലപ്പുറം:** നിപ സമ്പർക്കപ്പട്ടികയിലുള്ളവർ ഐസൊലേഷൻ മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പരിശോധനാഫലം നെഗറ്റീവ് ആയാലും 21 ദിവസം ഐസൊലേഷനിൽ തന്നെ തുടരണം.മലപ്പുറം ജില്ലയിൽ നിപ ബാധയുമായി ബന്ധപ്പെട്ട് ഇന്ന് ആരും സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. 65 പേർ ഹൈ റിസ്കിലും 101 പേർ ലോ റിസ്കിലുമാണുള്ളത്. നിപ സ്ഥിരീകരിച്ചിട്ടുള്ളയാൾ മാത്രമാണ് ഐസിയുവിൽ ചികിത്സയിലുള്ളത്. സമ്പർക്കപ്പട്ടികയിലുള്ള ഒരാൾ മാത്രമാണ് ഐസൊലേഷനിൽ ചികിത്സയിലുള്ളത്.നിപ ബാധിച്ച രോഗി ഗുരുതരമായി തുടരുകയാണ്. ഹൈറിസ്ക് പട്ടികയിലുള്ള 11 പേർക്ക് ആന്റി വൈറസ് പ്രൊഫൈലാക്സിസ് ചികിത്സ നൽകി വരുന്നു. ഫീവർ സർവൈലൻസിന്റെ ഭാഗമായി നിശ്ചയിച്ച മുഴുവൻ വീടുകളും സന്ദർശിച്ചു.

പുതുതായി കേസ് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും പാടില്ലെന്ന് മന്ത്രി നിർദേശം നൽകി. നിപ അന്താരാഷ്ട്ര തലത്തിൽ തന്നെ പൊതുജനാരോഗ്യ മുൻഗണനായുള്ളതും ദേശീയ/സംസ്ഥാന പ്രോട്ടോകോളുകൾ നിലവിലുള്ളതുമായ അണുബാധയാണ്. നിപ സമ്പർക്കപ്പട്ടികയിലുള്ളവരുടെ പരിശോധനാഫലം നെഗറ്റീവാണെങ്കിലും 21 ദിവസം നിർബന്ധമായും ഐസൊലേഷനിൽ/ക്വാറന്റൈനിൽ തന്നെ തുടരണം.21 ദിവസം പൂർണമായും യാത്ര ഒഴിവാക്കണം.മറ്റുള്ളവരുമായി സമ്പർക്കത്തിൽ വരരുത്. എന്തെങ്കിലും രോഗ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ആരോഗ്യ പ്രവർത്തകരെ വിവരം അറിയിക്കണം. ഐസൊലേഷൻ മാർഗനിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു.




# വെയ്റ്റ് ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ്: 75ാം വയസിലും കരുത്ത് തെളിയിച്ച് ഡോ. നാരായണൻ



**കൊച്ചി:** കളമശേരിയിൽ നടന്ന പാൻ ഇന്ത്യാ മാസ്റ്റേഴ്സ് ഗെയിംസ് ഫെഡറേഷൻ വെയ്റ്റ് ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ 75ാം വയസിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി ഡോ. നാരായണൻ ശ്രദ്ധേയനായി. 75 പ്ലസ് കാറ്റഗറിയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ മത്സരാർത്ഥികളോട് മത്സരിച്ചാണ് ഡോ. നാരായണൻ ഒന്നാമതെത്തിയത്. വിശ്രമജീവിതം നയിക്കേണ്ട കാലയളവിലും ആതുരസേവന രംഗത്ത് സജീവമായി തുടരുന്ന ഡോ. നാരായണൻ, ആരോഗ്യ സംരക്ഷണത്തിന് നൽകുന്ന ശ്രദ്ധ മാതൃകാപരമാണ് ചെറുപ്രായത്തിൽ തന്നെ ജിംനേഷ്യത്തിൽ പോയി തുടങ്ങിയ നാരായണൻ പാരമ്പര്യമായുള്ള പ്രമേഹ രോഗത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പഠനക്കാലത്ത് വർക്കൗട്ട് ശീലമാക്കിയിരുന്നു. ദീർഘകാലം കോഴിക്കോട് മെഡിക്കൽ കോളജിൽ പ്രൊഫസറായിരുന്ന ഡോ:നാരായണൻ കൊച്ചി അമൃത ദന്തൽ കോളെജ് മുൻ പ്രിൻസിപ്പാളും ഇപ്പോൾ അമൃത ദന്തൽ കോളജിന്റെ ചെയർമാൻ ആന്റ് അഡ്മിനിസ്ട്രേറ്ററുമാണ്. ഇൻസ്റ്റിറ്റ്യൂട്ടിൽ ഇദേഹം തന്നെ മുൻകൈ എടുത്ത് ആരംഭിച്ച ജിംനേഷ്യം ഇപ്പോഴും സജീവം. പരിശീലകൻ ഭാഗേഷാണ് ഡോ. നാരായണനെ വെയ്റ്റ് ലിഫ്റ്റിംഗ് മത്സരത്തിനായി ഒരുക്കിയത്. 40 പ്ലസ് വിഭാഗത്തിൽ ഭാഗേഷും ഒന്നാമതെത്തി. പൂർണ സസ്യാഹാരിയായ ഡോ. നാരായണൻ, പതിവു ജിനേഷ്യം ഭക്ഷണ രീതികളിൽനിന്ന് മാറി തയ്യാറാക്കിയ മെനു അനുസരിച്ചാണ് ശരീരത്തെ പാകപ്പെടുത്തുന്നത്. തൃശൂർ തിരുവില്വാമല സ്വദേശിയാണ് ഡോ.നാരായണൻ

# അന്താരാഷ്ട്ര മ്യൂസിയം ദിനാഘോഷം

**തിരുവനന്തപുരം:** അന്താരാഷ്ട്ര മ്യൂസിയം ദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന മ്യൂസിയം വകുപ്പ് വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. മെയ് 19 ന് വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരവും 21 ന് ഏകദിന സെമിനാറും ശ്രീ ചിത്രാ ഹോമിൽ താമസിച്ചു പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ ഗൈഡഡ് ടൂറും നാടൻ പാട്ടും വൈകുന്നേരം മ്യൂസിയം ബാൻഡ് സ്റ്റാൻഡിൽ കളരിപ്പയറ്റ് പ്രദർശനവും നടത്തും. പരിപാടികളുടെ ഔപചാരിക ഉദ്ഘാടനം രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു പുരാരേഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മെയ് 21ന് രാവിലെ 11.30 ന് മ്യൂസിയം ഓഡിറ്റോറിയത്തിൽ നിർവഹിക്കും. 'അതിവേഗം മാറിക്കൊിരിക്കുന്ന സമൂഹങ്ങളിലെ മ്യൂസിയങ്ങളുടെ ഭാവി' എന്നതാണ് ഈ വർഷത്തെ പ്രമേയം. സെമിനാറിലും ക്വിസ് മത്സരത്തിലും പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 9605008158, 9497875917 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

# വിജ്ഞാനവേനൽ അവധിക്കാല ക്യാമ്പ്

**തിരുവന്തപുരം:** കുട്ടികളിലെ നൈസർഗ്ഗികമായ സർഗ്ഗാത്മകതയെയും അറിവിനെയും തൊട്ടുണർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വൈലോപ്പിള്ളി സംസ്കൃതിഭവൻ മേയ് 21 മുതൽ 25 വരെ വിജ്ഞാനവേനൽ അവധിക്കാല ക്യാമ്പ് സംഘടിപ്പിക്കുന്നു.ഭാഷ, സാഹിത്യം, സംഗീതം, നൃത്തം, നാടകം, ചിത്രകല, പൊതുവിജ്ഞാനം എന്നീ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസ്സെടുക്കും. ക്യാമ്പിന്റെ ഭാഗമായി വിനോദയാത്രയും, ടർഫിൽ കുട്ടികളുടെ വൈലോപ്പിള്ളി പ്രിമിയർ ലീഗ് ഒരുക്കിയിട്ടു്. 7 മുതൽ 12ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കാണ് പ്രവേശനം. രജിസ്ട്രേഷൻ ഫീസ് ആയിരം രൂപ. വൈലോപ്പിള്ളി സംസ്കൃതി ഭവൻ വൈസ് ചെയർമാൻ ഗ്രാൻഡ് മാസ്റ്റർ ജി.എസ്. പ്രദീപാണ് ക്യാമ്പ് ഡയറക്ടർ. ഏതാനും സീറ്റുകൾ ഒഴിവു്. വൈലോപ്പിള്ളി സംസ്കൃതി ഭവൻ ഓഫീസിൽ നിന്ന് നേരിട്ടും ഓൺലൈനായും അപേക്ഷാഫോം ലഭിക്കും. കൂടുതൽവിവരങ്ങൾക്ക് :04712311842. 8289943307. ഇമെയിൽ: directormpcc@gmail.com.

# സ്കോളർഷിപ്പ് വിതരണം

**തിരുവനന്തപുരം:** അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ 202223 അധ്യയന വർഷം ഉന്നതവിജയം കാരസ്ഥമാക്കിയവർക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ്, സ്വർണനാണയം, ലാപ്ടോപ്പ്, സർട്ടിഫിക്കറ്റ് എന്നിവയുടെ വിതരണം മെയ് 19ന് രാവിലെ 10ന് തൈക്കാട് പി.ഡബ്ല്യു.ഡി റസ്റ്റ് ഹൌസിലെ കോൺഫറൻസ് ഹാളിൽ നടത്തും. ചടങ്ങിന്റേ് ഉദ്ഘാടനവും സ്കോളർഷിപ്പ് വിതരണവും തൊഴിൽവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. ആന്റണി രാജു എം.എൽ.എ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ജനപ്രതിനിധികൾ, ബോർഡ് ചെയർമാൻ, ഡയറക്ടർമാർ തുടങ്ങിയവർ പങ്കെടുക്കും.

# ആറന്മുള ടൂറിസം സർക്യൂട്ട് പദ്ധതി നിശ്ചലമായി



**പത്തനംതിട്ട:** ഉൾനാടൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വിഭാവനം ചെയ്ത ആറന്മുള ടൂറിസം സർക്യൂട്ട് പദ്ധതി വെളിച്ചം കണ്ടില്ല. 2021 മുതൽ ആറന്മുള വികസന സമിതിയുടെ പരിശ്രമഫലമായാണ് സർക്കാർ തലത്തിൽ പദ്ധതി ശ്രദ്ധേയമായത്. സമിതി പ്രവർത്തകർ ഇതിനായി ഡിടിപിസി അടക്കമുള്ള സർക്കാർ ഏജൻസികളിൽ നടത്തിയ നിരന്തര സമ്മർദത്തെത്തുടർന്നാണ് രൂപരേഖ തയാറായത്.

സർക്കാരിലേക്ക് പദ്ധതി സമർപ്പിച്ച് ട്രാവൻകൂർ പബ്ളിക് കനാൽസ് ആൻഡ് പബ്ലിക് ഫെറീസ് ആക്റ്റ് 1920 ലെ ആറാം വകുപ്പിൽ ഉൾപ്പെടുത്തി പദ്ധതിക്ക് അംഗീകാരവും ലഭിച്ചു. പക്ഷേ തുടർ നടപടികൾ ഒന്നും ഉണ്ടായില്ല.

ചെങ്ങന്നൂരിൽനിന്നും പമ്പാനദിയിലൂടെ ബോട്ടിൽ ആറന്മുളയിലേക്കുള്ള എട്ടു കിലോമീറ്റർ യാത്രയാണ് പദ്ധതിയിലെ ആദ്യ ഘട്ടം. നദിയുടെ ഇരു കരകളിലുമുള്ള ഗ്രാമക്കാഴ്ചകൾ ആസ്വദിച്ച് ബോട്ട് ആറന്മുള മാലേത്ത് കടവിലുള്ള ജെട്ടിയിൽ എത്തുന്നു. തുടർന്ന് ബോട്ടിൽ ആറന്മുള നെട്ടായത്തിലൂടെയുള്ള യാത്രയിൽ സത്രക്കടവ്, പള്ളിയോടപ്പുരകൾ, പള്ളിയോടങ്ങൾ എന്നിവ സന്ദർശിച്ച് ക്ഷേത്രക്കടവിൽ അടുക്കും.

ക്ഷേത്ര ദർശനം കഴിഞ്ഞ് ബോട്ട് വീണ്ടും കിഴക്കോട്ട്. നിക്ഷേപമാലി മാരാമൺ കൺവൻഷൻ മണൽപ്പരപ്പിലൂടെ തിരികെ ആറന്മുള മാലേത്ത് കടവിലെ ജെട്ടിയിലെത്തും. ബോട്ടിൽ തന്നെ ലഘു ഭക്ഷണ വിതരണം.

പിന്നീട് കര മാർഗമുള്ള ഗ്രാമ ദർശനം. വാസ്തുവിദ്യാ ഗുരുകുലം, ആറന്മുള കണ്ണാടി നിർമാണം, വില്പന ശാലകൾ എന്നിവ സന്ദർശിച്ച് നാൽക്കാലിക്കലിൽ നിർമിച്ചിട്ടുള്ള പാർക്കിൽ വിശ്രമം. ഉച്ചയ്ക്ക് 64 കൂട്ടം വിഭവങ്ങൾ അടങ്ങിയ ആറന്മുള സദ്യ കഴിച്ച ശേഷം കയാക്കിംഗ് തുഴച്ചിൽ പരിശീലനം. വൈകുന്നേരത്തോടെ ബോട്ടിൽ മടക്കയാത്ര ഇതായിരുന്നു പദ്ധതി.ബോട്ടുകൾക്ക് ഇപ്പോഴത്തെ അവസ്ഥയിൽ പമ്പാനദിയിലൂടെ സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കഴിഞ്ഞ 50 വർഷമായി തുടർന്നു വരുന്ന മണൽ ഖനനം മൂലം നദിയുടെ അടിത്തട്ട് താഴ്ന്നതിനാൽ വേനൽക്കാലത്ത് പമ്പയിൽ ജലനിരപ്പ് നന്നേ കുറവാകും. ചില സ്ഥലങ്ങളിൽ അടിത്തട്ട് ജലപരപ്പിനു മീതെ തെളിഞ്ഞു നിൽക്കുകയാണ്. ചെങ്ങന്നൂർ ആറന്മുള ജലപാതയ്ക്ക് എട്ട് കിലോമീറ്റർ മാത്രമാണ് ദൂരം. ഇതിനിടയിൽ പലഭാഗങ്ങളിലും തുടർച്ചയായി രൂപപ്പെടുന്ന മണൽപ്പുറ്റ് ബോട്ട് യാത്രയ്ക്കു തടസമാകും.

പമ്പയുടെ അടിത്തട്ട് താഴ്ന്ന ഭാഗങ്ങളിൽ ജലനിരപ്പിനു താഴെ 50 100 മീറ്റർ വ്യത്യാസത്തിൽ ഒരടി ഉയരത്തിൽ ചാക്കിൽ മണൽ നിറച്ച് തടയണ നിർമിച്ച് ജല നിരപ്പ് ഉയർത്തുക. തടയണ ജല നിരപ്പിനു താഴെയായതിനാൽ വള്ളങ്ങൾക്കോ ബോട്ടുകൾക്കോ സഞ്ചരിക്കാൻ ഇവ തടസമാകുന്നില്ല. വർഷകാലത്ത് ഒഴുകിയെത്തുന്ന മണൽ ഈ തടയണകളിൽ അടിഞ്ഞ് അടിത്തട്ട് ഉയരാനും ഇതു ഉപകരിക്കും. പമ്പാ പരിരക്ഷണ സമിതി അടക്കമുള്ള സംഘടനകൾ ഈ നിർദ്ദേശം പലകുറി മുന്നോട്ടുവച്ചിട്ടും അധികൃതർ ഇതേവരെ പരിഗണിച്ചിട്ടില്ല.

ബോട്ടിന് സഞ്ചരിക്കാൻ കഴിയും വിധം പ്രത്യേക ചാൽ വെട്ടി ഉണ്ടാക്കുക എന്നത് അശാസ്ത്രീയവും ചെലവേറിയതുമായ കാര്യമാണ്. ഏറെ പ്രായോഗികമായ പദ്ധതിയാണ് തടയണ ഉപയോഗിച്ച് ജലനിരപ്പ് ഉയർത്തുക എന്നത്.

ഇപ്പോഴത്തെ അവസ്ഥയിൽ ജൂലൈ മുതൽ നവംബർ വരെ മാത്രമേ ബോട്ടു യാത്ര സാധ്യമാവുകയുള്ളു. ചില അവസരങ്ങളിൽ ബോട്ടു യാത്രയ്ക്ക് വെള്ളപ്പൊക്കവും തടസമാകാം. ഓണക്കാലത്തു പോലും നദിയിലെ ജലനിരപ്പ് നന്നേ കുറയാറുണ്ട്.

# യുവതലമുറ കായികരംഗത്ത് സജീവമാകണം: മന്ത്രി ജി ആർ അനിൽ

**തിരുവനന്തപുരം:** ലഹരിയിൽ നിന്ന് നാടിനെ മോചിപ്പിക്കാനും പുതിയ തലമുറയെ അതിൽ നിന്നുമകറ്റാനും അവരെ മുന്നോട്ട് നയിക്കാനും ഏറ്റവും ഫലപ്രദമായ മരുന്ന് അവരെ കായിക രംഗത്ത് സജീവമാക്കുക എന്നതാണെന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ. സംസ്ഥാന സർക്കാരും സംസ്ഥാന കായിക വകുപ്പും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന 'കിക്ക് ഡ്രഗ്സ് സെ യെസ് ടു സ്പോർട്സ്' ലഹരി വിരുദ്ധ സന്ദേശയാത്രയുടെ തിരുവനന്തപുരം ജില്ലാതല സമാപന സമ്മേളനം സെൻട്രൽ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.കായിക രംഗത്തു പുതിയ തലമുറയെ ഒന്നാകെ സജീവമാക്കാൻ നമുക്ക് കഴിഞ്ഞാൽ ലഹരി പോലെയുള്ള വിപത്തുകളിൽ നിന്ന് നാടിനെ രക്ഷിക്കാനാകുമെന്ന സന്ദേശമാണ് പ്രചരിപ്പിക്കേണ്ടതെന്ന് മന്ത്രി ഓർമ്മപ്പെടുത്തി. ചടങ്ങിൽ കായികതാരങ്ങളും സ്കൂൾ വിദ്യാർത്ഥികളും ലഹരിവിരുദ്ധ പ്രതിജ്ഞയെടുത്തു. സംഗീതനൃത്ത പരിപാടികളും അരങ്ങേറി. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി, കായിക വകുപ്പ് മന്ത്രിയും ലഹരിവിരുദ്ധ ജാഥാ ക്യാപ്റ്റനുമായ വി അബ്ദുറഹിമാൻ, എം.എൽ.എമാരായ കടകംപള്ളി സുരേന്ദൻ, വി കെ പ്രശാന്ത്, കേരളം സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി വിഷ്ണുരാജ് പി, എൽ.എൻ.സി.പി.ഇ പ്രിൻസിപ്പൽ ഡോ ജി കിഷോർ, സ്വാമി സന്ദീപാനന്ദ ഗിരി, പാളയം ഇമാം വി പി സുഹൈബ് മൗലവി, കവി മുരുകൻ കാട്ടാക്കട തുടങ്ങിയകവർ പങ്കെടുത്തു.

# എന്റെ കേരളം പ്രദർശന വിപണന മേള മേയ് 17 മുതൽ 23 വരെ

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു വരുന്ന എന്റെ കേരളം പ്രദർശന വിപണന മേള തിരുവനന്തപുരത്ത് കനകക്കുന്നിൽ മേയ് 17 മുതൽ 23 വരെ നടക്കും. പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം മേയ് 17ന് വൈകിട്ട് 6 മണിക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി നിശാഗന്ധി ഓഡിറ്റോറിയത്തിൽ നിർവഹിക്കും. ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ.അനിൽ ചടങ്ങിൽ അദ്ധ്യക്ഷനാകും. ജില്ലയിലെ എം പിമാർ, എം എൽ എമാർ, ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പരിപാടിയിൽ സംബന്ധിക്കുമെന്ന് സെക്രട്ടേറിയറ്റ് പി ആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി വി ശിവൻകുട്ടി അറിയിച്ചു.ഏപ്രിൽ 21ന് കാസർഗോഡ് നിന്നും ആരംഭിച്ച വാർഷികാഘോഷ പരിപാടികൾ മേയ് 23ന് തിരുവനന്തപുരത്താണ് സമാപിക്കുക. പുത്തരിക്കണ്ടം മൈതാനത്ത് നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.വിവിധ വകുപ്പുകൾ സംഘടിപ്പിക്കുന്ന വ്യത്യസ്തങ്ങളായ പ്രദർശന സ്റ്റാളുകൾ, വിപണന സ്റ്റാളുകൾ, ഭക്ഷ്യമേള, പ്രശസ്ത കലാകാരന്മാർ നയിക്കുന്ന കലാവിരുന്ന് എന്നിവ മേളയുടെ പ്രധാന ആകർഷണങ്ങളാണ്. രാവിലെ 10 മുതൽ രാത്രി 9 വരെ നടക്കുന്ന പ്രദർശനത്തിൽ പ്രവേശനം പൂർണമായും സൗജന്യമായിരിക്കും. ഏഴ് ദിവസങ്ങളിലായി സംഘടിപ്പിക്കുന്ന മേളയിൽ എഴുപത്തി അയ്യായിരം ചതുരശ്ര അടിയിലാണ് പവലിയൻ ക്രമീകരിച്ചിരിക്കുന്നത്. ഇതിൽ അമ്പത്തിനാലായിരം ചതുരശ്ര അടി പൂർണമായും ശീതികരിച്ച പവലിയനാണ്. കിഫ്ബിയാണ് അടിസ്ഥാന സൗകര്യം ഒരുക്കുന്നത്. ആകെ ഇരുന്നൂറ്റി അമ്പത് സ്റ്റാളുകളാണുള്ളത്. ഇതിൽ 161 സർവീസ് സ്റ്റാളുകളും 89 കൊമേഴ്സ്യൽ സ്റ്റാളുകളുമാണ്. വാണിജ്യ സ്റ്റാളുകളിൽ വകുപ്പുകൾക്ക് പുറമെ എം.എസ്.എം.ഇ.കൾക്കും ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനുള്ള സൗകര്യം ഉണ്ടാവും.

## ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് റൂട്രോണിക്സ് സർട്ടിഫിക്കറ്റോടുകൂടി ഒരു വർഷം, ആറ് മാസം, മൂന്ന് മാസം ദൈർഘ്യമുള്ള ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സുകളിൽ തിരുവനന്തപുരം, ആറ്റിങ്ങൽ അംഗീകൃത പഠന കേന്ദ്രങ്ങളിലേക്ക് ഇന്റേൺഷിപ്പോടുകൂടി റെഗുലർ പാർടൈം ബാച്ചുകളിലേക്ക് എസ് എസ് എൽ സി, പ്ലസ് ടു, ഡിഗ്രീ പാസായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.
ഫോൺ: 7994926081.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വേങ്ങോല ഗ്രാമപഞ്ചായത്ത് സി.എച്ച്.സി വെങ്ങോലയിലേക്ക് കേരള സർക്കാർ സർവ്വീസസ് കോർപറേഷനിൽ നിന്നും ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പുറം മാർക്കറ്റിൽ നിന്നും വാങ്ങേണ്ടിവരുന്ന അനുബന്ധമായി കൊടുത്തിരിക്കുന്ന ലാബ്റീ ഏജന്റുകൾ, കെമിക്കലുകൾ/ഉപകരണങ്ങൾ എന്നിവ 202526 സാമ്പത്തിക വർഷത്തേയ്ക്ക് റണ്ണിംഗ് കോൺട്രാക്റ്റ് വ്യവസ്ഥയിൽ വിതരണം ചെയ്യുവാൻ തയ്യാറുള്ള നിർമ്മാതാക്കൾ/വിതരണക്കാർ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ ഫോം സ്വീകരിക്കുന്ന അവസാന തീയതി മെയ് 26ന് ഉച്ചയ്ക്ക് 12 വരെ.

## വ്യവസായം ക്യാമ്പസിലേക്ക്: പഠനത്തിനൊപ്പം പരിശീലനം

**കൊച്ചി:** ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള എല്ലാ പോളിടെക്നിക് കോളേജുകളിലും ഇൻഡസ്ട്രി ഓൺ ക്യാമ്പസ് (ഐഒസി) ആരംഭിച്ചിട്ടുണ്ട്. ഇത് വിദ്യാർത്ഥികൾക്ക് തൊഴിൽതരത്തിലുള്ള പരിശീലനവും, പ്രായോഗിക വിദ്യയുമായി ബന്ധപ്പെടുന്നതിനുള്ള അവസരവുമാണ് നൽകുന്നത്. ഇതിലൂടെ വിദ്യാർത്ഥികൾക്ക് തൊഴിൽപരമായ എക്സ്പോഷർ, ഇൻഡസ്ടറി പ്രോജെക്ടുസ് തുടങ്ങിയവ ലഭിക്കുന്നു. ഏൺ വൈൽ യു ഏൺ എന്ന രീതിയിലുള്ള ഇൻഡസ്ട്രി ഓൺ ക്യാമ്പസ് സംവിധാനം വിദ്യാർത്ഥികളെ കോഴ്സ് കഴിയുന്നതിനോടൊപ്പം ജോലിക്ക് തയ്യാറാവുന്ന തരത്തിലുള്ള രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്അന്വേഷണങ്ങൾക്ക്: കൂടുതൽ വിവരങ്ങൾക്കായി 8547005000 നമ്പറിലും ഐ.എച്ച്.ആർ.ഡി. വെബ്സൈറ്റ് (ംംം.ശവൃറ.മര.ശി) ലും ബന്ധപ്പെടാം.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** കേരള ഹൈക്കോടതിയുടെ ഉപയോഗത്തിലേക്ക് പേപ്പർ ഷ്രെഡിങ് മെഷീൻ നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ മെയ് 21ന് ഉച്ചയ്ക്ക് ശേഷം 2.30 വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഹൈക്കോടതി ഭരണ വിഭാഗം രജിസ്ട്രാർ ഓഫീസിൽ അറിയാം.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള ജില്ലയിലെ വാഴക്കുളം അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസ് പരിധിയിലെ, ചൂർണിക്കര പഞ്ചായത്തിൽ ഏഴാം വാർഡിലെ 106ാം നമ്പർ അങ്കണവാടി കം ക്രഷിലേക്ക് ക്രഷ് വർക്കർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ചു. ചൂർണിക്കര ഗ്രാമ പഞ്ചായത്തിലെ സ്ഥിര താമസക്കാരും സേവന തൽപ്പരത ഉള്ളവരും മതിയായ ശാരീരിക ക്ഷമതയുള്ളവരും 2025 ജനുവരി ഒന്നിന് 18 വയസ് പൂർത്തിയായവരും 35 വയസ് പൂർത്തിയാകാത്തവരുമായ വനിതകൾക്ക് നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ അപേക്ഷിക്കാം. വർക്കർ തസ്തികയിൽ അപേക്ഷിക്കുന്നവർ പ്ലസ് ടു പാസായിരിക്കണം. അപേക്ഷകൾ മെയ് 23 ന് വൈകിട്ട് അഞ്ചു വരെ തോട്ടക്കാട്ടുകരയിൽ പ്രവർത്തിക്കുന്ന വാഴക്കുളം അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിൽ സ്വീകരിക്കും. അങ്കണവാടി കം ക്രഷ് പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള അങ്കണവാടി സ്ഥിതി ചെയ്യുന്ന അതേ വാർഡിൽലുള്ള യോഗ്യരായവർക്കാണ് മുൻഗണന. ക്രഷ് വർക്കർമാരുടെ പ്രതിമാസ ഹോണറേറിയം 5500 രൂപയാണ്. പ്രവർത്തന സമയം രാവിലെ 7.30 മുതൽ വൈകിട്ട് ഏഴു വരെ ഷിഫ്റ്റ് അടിസ്ഥാനത്തിലായിരിക്കും. അപേക്ഷയുടെ മാതൃക വാഴക്കുളം അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്, ചൂർണിക്കര ഗ്രാമ പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ ലഭിക്കും.
ഫോൺ 9387162707, 04842952488

## വാഹന ലേലം

**കൊച്ചി:** അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.വി.ഐ.പി സബ് ഡിവിഷൻ നമ്പർ ഏഴ് കാര്യാലയത്തിലെ ഷോർഡ് ഫിയസ്റ്റ വാഹനം ലേലം/ക്വട്ടേഷൻ ചെയ്ത് വില്പന നടത്തിയ ശേഷം അഞ്ച് വർഷത്തേക്ക് തിരികെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എംവിഐപി സബ് ഡിവിഷൻ നം.ഏഴ്, കാര്യാലയത്തിലേക്ക് തന്നെ വാടകയ്ക്ക് എടുക്കുന്നതിനുള്ള ലേലം. സിൽ ചെയ്ത ക്വട്ടേഷൻ മെയ് 20 ന് ഉച്ചയ്ക്ക് 2.30 ന് മുമ്പായി ലഭിക്കണം. കൂടുതൽ വിവരങ്ങൾ ഓഫീസിൽ അറിയാം.

# സാംസങ് ഗാലക്സി എസ്25 എഡ്ജ് പ്രീബുക്കിംഗ് ആരംഭിച്ചു




**കൊച്ചി:** ഗാലക്സി എസ് സീരീസിലെ ഏറ്റവും കനം കുറഞ്ഞ സ്മാർട്ട്ഫോണായ ഗാലക്സി എസ്25 എഡ്ജിന്റെ പ്രീ ബുക്കിംഗ് ആരംഭിച്ച് സാംസങ്. ടൈറ്റാനിയം ബോഡിയിൽ നിർമ്മിച്ചിരിക്കുന്ന ഗാലക്സി എസ്25 എഡ്ജ് സ്റ്റൈലും കരുത്തും ഒത്തുചേർന്ന് പ്രീമിയം, പ്രോലെവൽ പെർഫോമൻസ് ഉറപ്പുനൽകുന്നു. ഐക്കണിക് ഗാലക്സി എഐപവേർഡ് ക്യാമറയും എളുപ്പത്തിൽ കൊണ്ടുനടക്കാവുന്ന രൂപകൽപ്പനയും ഗാലക്സി എസ്25 എഡ്ജിനെ കൂടുതൽ ആകർഷകമാക്കുന്നുവെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു.5.8 മില്ലിമീറ്റർ മാത്രം കനമുള്ള ഈ ഫോൺ, സ്മാർട്ട്ഫോൺ ഡിസൈനിലെ ഒരു മികച്ച എഞ്ചിനീയറിംഗ് നേട്ടമായാണ് വിലയിരുത്തപ്പെടുന്നത്. കൂടാതെ 163 ഗ്രാം ഭാരമുള്ള ഗാലക്സി എസ്25 എഡ്ജ്, ഗാലക്സി എസ് സീരീസിന്റെ ഐക്യരൂപകൽപ്പനയെ അതേപടി നിലനിർത്തിക്കൊണ്ട് തന്നെ സ്ലിം സ്മാർട്ട്ഫോണുകൾക്ക് ഒരു പുതിയ മാനം നൽകുന്നു.ലൈറ്റ് ഡിസൈനിനൊപ്പം മികച്ച ഈടുനിൽപ്പും ഈ മോഡൽ വാഗ്ദാനം ചെയ്യുന്നു. ഒപ്റ്റിമൽ ആയി വളഞ്ഞ എഡ്ജുകളും കരുത്തുറ്റ ടൈറ്റാനിയം ഫ്രെയിമും ദൈനംദിന ഉപയോഗത്തിന് സംരക്ഷണം നൽകുന്നു. ഗാലക്സി എസ്25 എഡ്ജിന്റെ മുൻവശത്തെ ഡിസ്പ്ലേയിൽ ഏറ്റവും പുതിയ ഗ്ലാസ് സെറാമിക് ആയ ഇീൃിശിഴണ്ണ ഏീൃശഹഹമണ്ണ ഏഹമലെ ഇലൃമാശര 2ആണ് ഉപയോഗിച്ചിരിക്കുന്നത്. ഗാലക്സി എസ്25 എഡ്ജ് എല്ലാ പ്രമുഖ ഓൺലൈൻ, ഓഫ്ലൈൻ റീട്ടെയിൽ സ്റ്റോറുകളിലും മുൻകൂട്ടി ഓർഡർ ചെയ്യാവുന്നതാണ്. ഗാലക്സി എസ്25 എഡ്ജ് മുൻകൂട്ടി ഓർഡർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് 12,000 രൂപ വിലമതിക്കുന്ന സൗജന്യ സ്റ്റോറേജ് അപ്ഗ്രേഡ് ലഭിക്കും. ഉപഭോക്താക്കൾക്ക് ഡിവൈസിൽ 9 മാസം വരെ നോകോസ്റ്റ് ഇഎംഐയും ലഭ്യമാക്കാം. ഗാലക്സി എസ്25 എഡ്ജ് രണ്ട് ആകർഷകമായ നിറങ്ങളിൽ ലഭ്യമാകും  ടൈറ്റാനിയം സിൽവർ, ടൈറ്റാനിയം ജെറ്റ്ബ്ലാക്ക്. ഗാലക്സി എസ്25 എഡ്ജിനെയും ഗാലക്സി എസ്25 സീരീസിനെയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് Samsung.com സന്ദർശിക്കുക.

# വിഗാർഡ് അറ്റാദായത്തിൽ 19.6 ശതമാനം വർധന

**കൊച്ചി:** മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഗൃഹോപകരണ നിർമാതാക്കളായ വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് 202425 സാമ്പത്തിക വർഷം നാലാം പാദത്തിൽ 91.13 കോടി രൂപ സംയോജിത അറ്റാദായം നേടി. മുൻ വർഷം ഇതേകാലയളവിൽ 76.17 കോടി രൂപയായിരുന്നു. 19.6 ശതമാനമാണ് വർധന. നാലാം പാദത്തിൽ കമ്പനിയുടെ സംയോജിത പ്രവർത്തന വരുമാനം 1538.08 കോടി രൂപയാണ്. മുൻ വർഷത്തെ 1342.77 കോടി രൂപയിൽ നിന്നും 14.5 ശതമാനം വളർച്ച നേടി.2025 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ സംയോജിത അറ്റാദായം 313.72 കോടി രൂപയാണ്. മുൻ വർഷത്തെ 257.58 കോടി രൂപയിൽ നിന്നും 21.8 ശതമാനം വളർച്ചയാണ് കൈവരിച്ചത്. സാമ്പത്തിക വർഷത്തിലെ പ്രവർത്തന വരുമാനം 5577.82 കോടി രൂപയാണ്. മുൻവർഷത്തെ 4856.67 കോടി രൂപയിൽ നിന്ന് 14.8 ശതമാനം വർധന രേഖപ്പെടുത്തി.

വരുമാനത്തെയും ലാഭത്തെയും ഒരുപോലെ ഉയർത്തിയ മികച്ച ബിസിനസ് പ്രകടനമാണ് സാമ്പത്തിക വർഷത്തിന്റെ നാലാം പാദത്തിൽ കാഴ്ചവെക്കാനായതെന്ന് വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ മിഥുൻ കെ ചിറ്റിലപ്പിള്ളി പറഞ്ഞു. വാർഷിക കണക്കുപ്രകാരം മൊത്തം ലാഭത്തിൽ വർധനവാണ് രേഖപ്പെടുത്തിയത്. 'സൺഫ്ലേം' ഏറ്റെടുക്കലുമായി ബന്ധപ്പെട്ട മുഴുവൻ ടേം ലോണും മുൻകൂട്ടി അടച്ചു തീർക്കുകയും വിഗാർഡ് വീണ്ടും കടരഹിത (ഡെബ്റ്റ് ഫ്രീ) കമ്പനിയായി മാറുകയും ചെയ്തു. കമ്പനിയെ സംബന്ധിച്ചിടത്തോളം സാമ്പത്തികവർഷം മികച്ച രീതിയിൽ അവസാനിപ്പിക്കാൻ കഴിഞ്ഞു. നൂതന ഉൽപന്നങ്ങൾ വിപണിയിൽ അവതരിപ്പിച്ച്, നടപ്പു സാമ്പത്തിക വർഷത്തെ കൂടുതൽ മികവുറ്റതാക്കാനാണ് ശ്രമിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വ്യവസായം ക്യാമ്പസിലേക്ക്: പഠനത്തിനൊപ്പം പരിശീലനം

**കൊച്ചി:** ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള എല്ലാ പോളിടെക്നിക് കോളേജുകളിലും  ഇൻഡസ്ട്രി ഓൺ ക്യാമ്പസ് (ഐഒസി) ആരംഭിച്ചിട്ടുണ്ട്. ഇത് വിദ്യാർത്ഥികൾക്ക് തൊഴിൽതരത്തിലുള്ള പരിശീലനവും, പ്രായോഗിക വിദ്യയുമായി ബന്ധപ്പെടുന്നതിനുള്ള അവസരവുമാണ് നൽകുന്നത്. ഇതിലൂടെ വിദ്യാർത്ഥികൾക്ക് തൊഴിൽപരമായ എക്സ്പോഷർ, ഇൻഡസ്ടറി  പ്രോജെക്ടസ്  തുടങ്ങിയവ ലഭിക്കുന്നു. ഏൺ വൈൽ യു ഏൺ  എന്ന രീതിയിലുള്ള ഇൻഡസ്ട്രി ഓൺ ക്യാമ്പസ് സംവിധാനം വിദ്യാർത്ഥികളെ കോഴ്സ് കഴിയുന്നതിനോടൊപ്പം ജോലിക്ക് തയ്യാറാവുന്ന തരത്തിലുള്ള രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്അന്വേഷണങ്ങൾക്ക്: കൂടുതൽ വിവരങ്ങൾക്കായി 8547005000 നമ്പറിലും ഐ.എച്ച്.ആർ.ഡി. വെബ്സൈറ്റ് (www.ihrd.ac.in) ലും ബന്ധപ്പെടാം.

## പുതിയ നിക്ഷേപകർക്ക് അഞ്ചു പദ്ധതികൾ പുനരവതരിപ്പിച്ച് എൽഐസി മ്യൂച്വൽ ഫണ്ട്

**കൊച്ചി:** എൽഐസി മ്യൂചൽ ഫണ്ട് പുതു തലമുറ നിക്ഷേപകർക്കായി അഞ്ചു പദ്ധതികൾ പുനരവതരിപ്പിച്ചു. എൽഐസി എംഎഫ് ഫോക്കസ്ഡ് ഫണ്ട്, എൽഐസി എംഎഫ് വാല്യൂ ഫണ്ട്, എൽഐസി എംഎഫ് സ്മോൾ കാപ് ഫണ്ട്, എൽഐസി എംഎഫ് മൾട്ടി അസെറ്റ് അലോക്കേഷൻ ഫണ്ട്, എൽഐസി എംഎഫ് ഡിവിഡന്റ് യീൽഡ് ഫണ്ട് എന്നിവയാണ് അഞ്ചു ഫണ്ടുകൾ.വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് നവീന നിക്ഷേപ തന്ത്രങ്ങളോടെ പുനരവതരിപ്പിക്കുന്ന ഈ ഫണ്ടുകൾ കൂടുതൽ വളർച്ചാ സാധ്യതയും മെച്ചപ്പെട്ട പ്രകടനവും കാഴ്ച വെക്കുന്നതിനാൽ  വ്യത്യസ്തമായ ധന ആവശ്യങ്ങളുള്ള പുതിയ തലമുറ നിക്ഷേപകർക്ക് തീർത്തും അനുയോജ്യമായിരിക്കുമെന്ന്  എൽഐസി എംഎഫ് മ്യൂചൽ ഫണ്ട് എഎംസി ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ യോഗേഷ് പാട്ടീൽ പറഞ്ഞു.2025 ഏപ്രിലിലെ കണക്കുകൾ പ്രകാരം 15 ഇകിറ്റി ഫണ്ടുകളും 9 ഡെറ്റ് ഫണ്ടുകളും 6 ഹൈബ്രിഡ് ഫണ്ടുകളും 10 ഇടിഎഫുകളും ഉൾപ്പടെ 41 ഫണ്ടുകളാണ് എൽഐസി മ്യൂചൽ ഫണ്ട് കൈകകാര്യം ചെയ്യുന്നത്. പ്രതിമാസം 100 കോടിയിലേറെ രൂപയുടെ എസ്ഐപി വരവുണ്ട്. 2025 മാർച്ച് മാസം 33,854 കോടിരൂപയുടെ ആസ്തികളാണ് എൽഐസി മ്യൂചൽ ഫണ്ട് കൈകാര്യം ചെയ്തിരുന്നതെങ്കിൽ 2025 ഏപ്രിൽ മാസമായപ്പോൾ ഇത്   11 ശതമാനം വളർന്ന്  37,554 കോടി രൂപയുടേതായി.

## അപേക്ഷ ക്ഷണിച്ചു

കൊച്ചി: സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട (ഒ.ബി.സി) പരമ്പരാഗത കരകൗശല വിദഗ്ദ്ധർ/കൈപ്പണിക്കാർ/പൂർണ വൈദഗ്ദ്ധ്യമില്ലാത്ത തൊഴിലാളികൾ എന്നിവരുടെ തൊഴിൽ വൈദഗ്ദ്ധ്യം ശക്തിപ്പെടുത്തി ബന്ധപ്പെട്ട മേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള നൈപുണ്യ പരിശീലനം നൽകി ആധുനിക യന്ത്രോപകരണങ്ങളുടെ ഉപയോഗത്തിലൂടെ വരുമാന മാർഗം കണ്ടെത്തുന്നതിന് പരിശീലനവും പണിയായുധങ്ങൾക്ക് ഗ്രാന്റും നൽകുന്നപദ്ധതിക്ക് (202526 ടൂൾകിറ്റ് ഗ്രാന്റ്) പിന്നാക്ക വിഭാഗ വികസന വകുപ്പ്  ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കരുത്.ഉയർന്ന പ്രായപരിധി 60 വയസ്.അപേക്ഷ൦൦൦.യംശി.സല്യമഹമ.ഴീ.ശിഎന്ന പോർട്ടൽ മുഖേന ഓൺലൈൻ ആയി സമർപ്പിക്കണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31.05.2025, ഇതു സംബന്ധിച്ച വിജ്ഞാപനം ൦൦൦.യംശി.സല്യമഹമ.ഴീ.ശി,   ൦൦൦.യരററ.സല്യമഹമ.ഴീ.ശിഎന്നീ വെബ് സൈറ്റുകളിൽ  ലഭ്യമാണ് . കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ എറണാകുളം മേഖലാ ആഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ഫോൺ 04842983130.

## മത്സ്യകൃഷി അവാർഡുകൾക്ക് അപേക്ഷിക്കാം

**കൊച്ചി:** ഫിഷറീസ് വകുപ്പ് നൽകുന്ന വിവിധ മത്സ്യകൃഷി അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു.ഓരു ജല മത്സ്യകർഷകൻ, ശുദ്ധജല മത്സ്യ കർഷകൻ, ചെമ്മീൻ കർഷകൻ, നൂതന മത്സ്യകൃഷി നടപ്പിലാക്കുന്ന കർഷകൻ, അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ് കർഷകൻ, പിന്നാമ്പുറങ്ങളിലെ മത്സ്യവിത്ത് ഉൽപാദന യൂണിറ്റ് കർഷകൻ, തദ്ദേശ സ്വയംഭരണ സ്ഥാപനം, അക്വാകൾച്ചർ പ്രൊമോട്ടർ, പ്രോജക്ട് കോഓർഡിനേറ്റർ, ഫീൽഡ് തല ഉദ്യോഗസ്ഥർ, മത്സ്യകൃഷി മേഖലയിൽ നൂതന ആശയങ്ങൾ വികസിപ്പിച്ചെടുത്ത സ്റ്റാർട്ടപ്പുകൾക്കുള്ള പ്രത്യേക അവാർഡ്, സഹകരണ സ്ഥാപനം എന്നീ വിഭാഗങ്ങളിലാണ് അവാർഡ്. സംസ്ഥാന കേന്ദ്ര സർക്കാർ ധനസഹായ പദ്ധതികളിലൂടെയും സ്വന്തമായും മത്സ്യകൃഷിയിലേർപ്പെടുന്നവർക്കും അപേക്ഷിക്കാം. അപേക്ഷ മെയ് 25 ന് വൈകിട്ട് നാലിന് മുമ്പായി നൽകണം. നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫിഷറീസ് ജില്ലാ ഓഫീസ്, എറണാകുളം, ജില്ലയിലെ  മത്സ്യഭവനുകൾ എന്നിവിടങ്ങളിൽ ലഭ്യമാണ്.

ഫോൺ: 0484 2394476

## ധനസഹായ പദ്ധതിക്ക്  ഓൺലൈനായി അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാനത്തെ മൺപാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള ഒ ബി സി വിഭാഗത്തിൽപ്പെട്ട  പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു.അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കരുത്.ഉയർന്ന പ്രായപരിധി 60 വയസ്. ൦൦൦.യംശി.സല്യമഹമ.ഴീ.ശി എന്ന പോർട്ടൽ മുഖേന ഓൺലൈൻ ആയി മെയ് 31 വരെ അപേക്ഷ സമർപ്പിക്കാം.  ഇതു സംബന്ധിച്ച വിജ്ഞാപനം ൦൦൦.യംശി.സല്യമഹമ.ഴീ.ശി,  ൦൦൦.യരററ.സല്യമഹമ.ഴീ.ശി എന്നീ വെബ് സൈറ്റുകളിൽ  പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ എറണാകുളം  മേഖലാ ആഫീസുമായി ബന്ധപ്പെടാം. ഫോൺ  0484 2983130




## ഷാരൂഖ് ഖാൻ ഹാർപിക് ബ്രാൻഡ് അംബാസിഡർ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ടോയ്‌ലറ്റ്, ബാത്ത്റൂം ക്ലീനറായ ഹാർപിക്, ബോളിവുഡ് നടൻ ഷാരൂഖ് ഖാനെ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. ഈ ശക്തമായ പങ്കാളിത്തം ഹാർപിക്കിന്റെ മികച്ച ശുചീകരണത്തിന്റെ വിശ്വസനീയമായ പാരമ്പര്യത്തെയും ഷാരൂഖ് ഖാന്റെ നിലനിൽക്കുന്ന ആകർഷണീയത, പങ്കിട്ട മൂല്യങ്ങൾ, ഇന്ത്യൻ കുടുംബങ്ങൾക്കിടയിലുള്ള വലിയ സ്വാധീനം എന്നിവയെയും ഒന്നിപ്പിക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

## കെ.എച്ച്.ആർ.എ. സുരക്ഷ പദ്ധതി: ധനസഹായം വിതരണം ചെയ്തു

**കൊച്ചി:** കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷന്റെ സുരക്ഷ പദ്ധതിയിൽ അംഗമായിരിക്കെ മരിച്ച കലൂർ യൂണിറ്റിലെ അംഗത്തിന്റെ ആശ്രിതക്കുള്ള 10 ലക്ഷം രൂപയുടെ ധനസഹായം വിതരണം ചെയ്തു. കലൂർ എ.ജെ. ഹാളിൽ നടന്ന ചടങ്ങിൽ ടി. ജെ. വിനോദ് എം.എൽ.എ. കലൂർ ഗോൾഡൻ ഹാറ്റിലെ ജീവനക്കാരൻ നെവിൻ വർഗീസിന്റെ ഭാര്യ സിമി ജോസിന് ചെക്ക് കൈമാറി. യൂണിറ്റ് പ്രസിഡന്റ് എൻ.എച്ച്. ഫൈസലിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പ്രസിഡന്റ് ടി. ജെ. മനോഹരൻ, കൗൺസിലർ രജനി മണി, ജില്ലാ സെക്രട്ടറി കെ. ടി. റഹിം, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ അസീസ് മൂസ, വി. ടി. ഹരിഹരൻ, ജില്ലാ ട്രഷറർ സി. കെ. അനിൽ, ജില്ലാ വർക്കിംഗ് പ്രസിഡന്റ് കെ. പാർത്ഥസാരഥി, ജോ. സെക്രട്ടറി പി. എം. അബൂബക്കർ, സംസ്ഥാനകമ്മിറ്റി അംഗങ്ങളായ എ. എം. ഇഖ്ബാൽ, ലുക്മാൻ എന്നിവർ സംസാരിച്ചു. ചടങ്ങിൽ യൂണിറ്റ് സെക്രട്ടറി ഷെമീർ കിത്തക്കേരി സ്വാഗതവും ട്രഷറർ പി.എച്ച്. അഷറഫ് നന്ദിയും പ്രകാശിപ്പിച്ചു.

### പുതിയ നിക്ഷേപകർക്കായി അഞ്ചു പദ്ധതികൾ പുനരവതരിപ്പിച്ച് എൽഐസി മ്യൂച്വൽ ഫണ്ട്

**കൊച്ചി:** എൽഐസി മ്യൂചൽ ഫണ്ട് പുതു തലമുറ നിക്ഷേപകർക്കായി അഞ്ചു പദ്ധതികൾ പുനരവതരിപ്പിച്ചു. എൽഐസി എംഎഫ് ഫോക്കസ്ഡ് ഫണ്ട്, എൽഐസി എംഎഫ് വാല്യൂ ഫണ്ട്, എൽഐസി എംഎഫ് സ്മോൾ കാപ് ഫണ്ട്, എൽഐസി എംഎഫ് മൾട്ടി അസെറ്റ് അലോക്കേഷൻ ഫണ്ട്, എൽഐസി എംഎഫ് ഡിവിഡന്റ് യീൽഡ് ഫണ്ട് എന്നിവയാണ് അഞ്ചു ഫണ്ടുകൾ.വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് നവീന നിക്ഷേപ തന്ത്രങ്ങളോടെ പുനരവതരിപ്പിക്കുന്ന ഈ ഫണ്ടുകൾ കൂടുതൽ വളർച്ചാ സാധ്യതയും മെച്ചപ്പെട്ട പ്രകടനവും കാഴ്ച വെക്കുന്നതിനാൽ വ്യത്യസ്തമായ ധന ആവശ്യങ്ങളുള്ള പുതിയ തലമുറ നിക്ഷേപകർക്ക് തീർത്തും അനുയോജ്യമായിരിക്കുമെന്ന് എൽഐസി എംഎഫ് മ്യൂചൽ ഫണ്ട് എഎംസി ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ യോഗേഷ് പാട്ടീൽ പറഞ്ഞു.

2025 ഏപ്രിലിലെ കണക്കുകൾ പ്രകാരം 15 ഇക്വിറ്റി ഫണ്ടുകളും 9 ഡെറ്റ് ഫണ്ടുകളും 6 ഹൈബ്രിഡ് ഫണ്ടുകളും 10 ഇടിഎഫുകളും ഉൾപ്പടെ 41 ഫണ്ടുകളാണ് എൽഐസി മ്യൂചൽ ഫണ്ട് കൈകകാര്യം ചെയ്യുന്നത്. പ്രതിമാസം 100 കോടിയിലേറെ രൂപയുടെ എസ്ഐപി വരവുണ്ട്. 2025 മാർച്ച് മാസം 33,854 കോടിരൂപയുടെ ആസ്തികളാണ് എൽഐസി മ്യൂചൽ ഫണ്ട് കൈകാര്യം ചെയ്തിരുന്നതെങ്കിൽ 2025 ഏപ്രിൽ മാസമായപ്പോൾ ഇത് 11 ശതമാനം വളർന്ന് 37,554 കോടി രൂപയുടേതായി.

## ഭാഗ്യക്കുറി ക്ഷേമനിധി ബീച്ച് അംബ്രേല്ല വിതരണം

കൊച്ചി: സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡിന് കീഴിൽ അംഗങ്ങളായ ഭാഗ്യക്കുറി ഏജന്റുമാർക്കും വിൽപനക്കാർക്കും സൗജന്യമായി ബിച്ച് അംബ്രേല്ല നൽകുന്നു. ക്ഷേമനിധി പദ്ധതിയിൽ സജീവ അംഗത്വം ഒരു വർഷം പൂർത്തിയായവർക്കും അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷകൾ മെയ് 25 വരെ നൽകാം. വിശദ വിവരങ്ങൾ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ ലഭിക്കും.

# കണ്ടന്റ് ക്രിയേറ്റർമാർക്കായി ആമസോണിന്റെ എലിവേറ്റ് പ്രോഗ്രാം

**കൊച്ചി:** കണ്ടന്റ് ക്രിയേറ്റർമാരുടെ പ്രകടനം മെച്ചപ്പെടുത്താനും കൂടുതൽ വരുമാനം ലഭ്യമാക്കാനുമായി ആമസോൺ ഇൻഫ്ളുവൻസർ പ്രോഗ്രാമുമായി ബന്ധപ്പെട്ട് രൂപകൽപ്പന ചെയ്ത എലിവേറ്റ് പ്രോഗ്രാമിന് ആമസോൺ.ഇൻ തുടക്കം കുറിച്ചു. യോഗ്യരായ ക്രണ്ടന്റ് ക്രിയേറ്റർമാർക്ക് പ്രീമിയം അക്കൗണ്ട്, ഇൻക്രിമെന്റൽ കമ്മീഷൻ, ഉയർന്ന മൂല്യമുള്ള ബ്രാൻഡിലേക്കുള്ള പ്രവേശനം, ആമസോൺ ലൈവിലെ പങ്കാളിത്തം തുടങ്ങി വിവിധ സേവനങ്ങൾ എലിവേറ്റ് പ്രോഗ്രാമിലൂടെ ലഭിക്കും. വിദഗ്ദ്ധരുടെ നേതൃത്വത്തിലുള്ള വർക്ഷോപ്പുകളും പരിശീലന മൊഡ്യൂളുകളും ഉൾപ്പടെ ക്രിയേറ്റർ യൂണിവേഴ്സിറ്റിയിലൂടെയുള്ള നിരവധി നൈപുണ്യ വികസന അവസരങ്ങളും ആമസോൺ വാഗ്ദാനം ചെയ്യുന്നു.

കണ്ടന്റ് ക്രിയേറ്റർമാർക്ക് അവരുടെ ഉള്ളടക്ക തന്ത്രങ്ങൾ പരിഷ്കരിക്കാനും ഡിജിറ്റൽ ട്രെൻഡുകൾക്ക് മുന്നിൽ നിൽക്കാനും സുസ്ഥിര വളർച്ച കൈവരിക്കാനും സഹായിക്കുന്ന തരത്തിലാണിത് രൂപകൽപ്പന ചെയ്തിട്ടുള്ളത്. മികച്ച പ്രകടനം കാഴ്ചവെക്കുന്നവർക്ക് ഇൻസന്റീവുകൾക്ക് അർഹതയുണ്ടായിരിക്കും. 10 മടങ്ങ് അധിക വരുമാനം നേടാനുള്ള സാധ്യതയും പ്രീമിയം ഉൽപ്പന്നങ്ങളിലേക്കുള്ള ആക്സസും ആമസോണിന്റെ പ്രൊഡക്ഷൻ സ്റ്റുഡിയോകളുടെ ഉപയോഗവും ലഭിക്കും.കണ്ടന്റ് ക്രിയേറ്റർമാർക്ക് തങ്ങൾ വലിയ പ്രാധാന്യമാണ് നൽകുന്നതെന്നും ആമസോണിന്റെ വിപുലമായ ദൗത്യത്തിലൂന്നി ഇവരുടെ വളർച്ചയ്ക്കും വികസനത്തിനും ആവശ്യമായ ഉപകരണങ്ങളും പിന്തുണയും നൽകുന്നതിലേക്കുള്ള പ്രധാനഘട്ടമാണ് എലിവേറ്റ് പ്രോഗ്രാമെന്ന് ഇന്ത്യയിലെയും ആമസോണിന്റെ വളർന്നു വരുന്ന മറ്റ് മാർക്കറ്റുകളിലേയും ഷോപ്പിംഗ് ഇനിഷിയേറ്റീവ്സ് ഡയറക്ടറായ സഹീദ് ഖാൻ പറഞ്ഞു. മുംബൈയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജീസ് സ്ഥാപിച്ചതടക്കം ക്രിയേറ്റർ ഇക്കണോമിയെ ശക്തിപ്പെടുത്താനായി കേന്ദ്ര സർക്കാർ മുന്നോട്ടു വെച്ച പദ്ധതികളുമായി ചേർന്ന് പ്രവർത്തിക്കുന്നതിൽ ആമസോൺ.ഇൻ അഭിമാനിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.ആമസോണിന്റെ പുതിയ എലിവേറ്റ് പ്രോഗ്രാം തന്റെ ജീവിതം മാറ്റി മറിക്കുമെന്ന് ആമസോൺ ഇൻഫ്ളുവൻസർ എലിവേറ്റ് പ്രോഗ്രാമിലെ പ്രമുഖ ഹോം & ലൈഫ്സ്റ്റൈൽ ഇൻഫ്ളുവൻസറും ഒരു ദശലക്ഷത്തിലധികം ഫോളോവേഴ്സുമുള്ള സോണിക ഖുരാന സേതി പറഞ്ഞു. കണ്ടന്റ് ക്രിയേറ്ററായി തുടക്കം കുറിക്കുമ്പോൾ ഇതിൽ നിന്നും എങ്ങനെ പണം സമ്പാദിക്കാമെന്ന് അറിയില്ലായിരുന്നു. സഹായിക്കാനും ഉപയോഗിക്കേണ്ട ടൂളുകൾ പരിചയപ്പെടുത്താനും ആരും ഉണ്ടായില്ല. എന്നാൽ ഇന്ന് എലവേറ്റ് പദ്ധതി വഴി തന്നെ സഹായിക്കാൻ ഒരു അക്കൗണ്ട് മാനേജറും വിവിധ ടൂളുകളും ലഭ്യമാണെന്നും ഇതുവഴി കൂടുതൽ വരുമാനം നേടാനാകുന്നുണ്ടെന്നും അവർ പറഞ്ഞു.അക്കൗണ്ട് മാനേജറുടെ സേവനം, ഇൻസന്റീവുകൾ, അധിക വരുമാന സാധ്യത, അപ്സ്കിൽ വർക്ഷോപ്പുകൾ തുടങ്ങി നിരവധി കാര്യങ്ങളാണ് എലിവേറ്റ് പദ്ധതി വഴി ലഭിക്കുക. വിശദവിവരത്തിന് വെബ്സൈറ്റ്:amazon.in/elevateforcreators

# എൻഎസ്ഡിസി ഇന്റർനാഷണൽ ഒരു ലക്ഷം കെയർഗിവർമാരെ പരിശീലിപ്പിക്കും



**കൊച്ചി:** നൈപുണ്യ വികസനത്തിനായുള്ള രാജ്യത്തെ ഉന്നത സ്ഥാപനമായ നാഷണൽ സ്കിൽ ഡെവലപ്മെൻറ് കോർപ്പറേഷൻറെ (എൻഎസ്ഡിസി) അനുബന്ധ സ്ഥാപനമായ എൻഎസ്ഡിസി ഇന്റർനാഷണൽ ആഗോള ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്തുവാനായി ഒരു ലക്ഷം കെയർഗിവർമാരെ പരിശീലിപ്പിക്കുന്നു. പ്രൊഫഷണൽ കെയർഗിവർമാരുടെ ആവശ്യം ലോകമെമ്പാടും ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.ജർമ്മനി, ജപ്പാൻ, യുകെ, ഇസ്രായേൽ എന്നിവയുൾപ്പെടെയുള്ള വിവിധ രാജ്യങ്ങളിലായി ആയിരക്കണക്കിന് വിദഗ്ദ്ധരായ കെയർഗിവർമാരെ ഇതിനോടകം എൻഎസ്ഡിസി ഇൻറർനാഷണൽ നിയമിച്ചിട്ടുണ്ട്. തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രത്യേക സോഫ്റ്റ് സ്കിൽ പരിശീലനവും ഇംഗ്ലീഷ്, ജർമ്മൻ, ജാപ്പനീസ് ഉൾപ്പെടെയുള്ള ഭാഷാ വൈദഗ്ധ്യവും ഇവർക്ക് ലഭ്യമാക്കിയിട്ടുണ്ട്.ആരോഗ്യസംരക്ഷണ വിഭാഗത്തിലെ പ്രൊഫഷണലുകളുടെ ആവശ്യം നിറവേറ്റാൻ പല രാജ്യങ്ങളും ബുദ്ധിമുട്ടുന്നുണ്ട്. കാനഡ, യുഎസ്എ, യുകെ, ഓസ്ട്രേലിയ, ജർമ്മനി, സിംഗപ്പൂർ, ജപ്പാൻ, ഗൾഫ് രാജ്യങ്ങൾ എന്നിവയുമായി സഹകരിച്ച് അവരുടെ ഈ മേഖലയിലെ ആവശ്യം നിറവേറ്റാൻ എൻഎസ്ഡിസി ഇൻറർനാഷണലിന് കഴിഞ്ഞിട്ടുണ്ട്.കേംബ്രിഡ്ജ് സർവകലാശാല, കേംബ്രിഡ്ജ് ബോക്സ്ഹിൽ ലാംഗ്വേജ് അസസ്മെൻറ് ട്രസ്റ്റ്, ജാപ്പനീസ്, ജർമ്മൻ ഭാഷാ ദാതാക്കൾ തുടങ്ങിയ അന്താരാഷ്ട്ര സംഘടനകളുമായും എൻഎസ്ഡിസി ഇൻറർനാഷണൽ പങ്കാളിത്തം വളർത്തിയിട്ടുണ്ട്. ഇസ്രായേലിനായി 5,000ത്തോളം കെയർഗിവർമാർക്ക് ആരോഗ്യ പരിപാലന വൈദഗ്ധ്യം നർകുന്നതിന് തുടക്കം കുറിച്ചിട്ടുമുണ്ട്.ഗുണനിലവാരമുള്ള പരിശീലനം ഉറപ്പാക്കുന്നതിനും ആഗോളതലത്തിൽ തന്നെ പരിശീലനം ലഭിച്ച കെയർഗിവർമാരെ ലഭ്യമാക്കുന്നതിനുമായി എൻഎസ്ഡിസി ഇൻറർനാഷണൽ രാജ്യത്തുടനീളം പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് പഠിക്കാനും മികവ് പുലർത്താനും അവസരങ്ങൾ നേടാനും ആവശ്യമായ സൗകര്യങ്ങളും അന്തരീക്ഷവും ഇവിടെ ലഭ്യമാണ്.

സുസ്ഥിര ആരോഗ്യവും സൗഖ്യവും എന്ന സുസ്ഥിര വികസന ദൗത്യം പൂർത്തീകരിക്കാൻ ലോകം ഇന്ന് പരിശ്രമിക്കുമ്പോൾ, സാർവത്രിക ആരോഗ്യ പരിരക്ഷ കൈവരിക്കുന്നതിനായുള്ള ആഗോള പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് എൻഎസ്ഡിസി ഇൻറർനാഷണൽ എല്ലാ ശ്രമങ്ങളും നടത്തുകയാണെന്ന് എൻഎസ്ഡിസി ഇൻറർനാഷണൽ സിഇഒ അലോക് കുമാർ പറഞ്ഞു. ആരോഗ്യ പരിപാലന വെല്ലുവിളികൾ ലഘൂകരിക്കാൻ കഴിവുള്ളവരെ പരിശീലിപ്പിക്കുന്നതിന് ദേശീയ, ആഗോള സ്ഥാപനങ്ങളുമായുള്ള പങ്കാളിത്ത അവസരങ്ങൾ ഞങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ലോകത്തെമ്പാടുമായി വിദഗ്ദ്ധ പരിചരണം നൽകാൻ കഴിവുള്ള ആയിരക്കണക്കിന് ആളുകളെ വിന്യസിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

### സമ്പൂർണ ഡിജിറ്റൽവത്കരണത്തിലേയ്ക്ക് സിയാൽ

# സിയാൽ 2.0: ദേഹപരിശോധന, ബാഗേജ് നീക്കം അതിവേഗത്തിൽ

**കൊച്ചി:** സിയാൽ 2.0 എന്ന ബൃഹദ് പദ്ധതിയിലൂടെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം സമ്പൂർണ ഡിജിറ്റൽവത്ക്കരണമെന്ന ലക്ഷ്യം യാഥാർഥ്യമാക്കുന്നു. നിർമ്മിതബുദ്ധി, ഓട്ടോമേഷൻ, പഴുതടച്ച സൈബർ സുരക്ഷ എന്നിവയിലൂടെ വിമാനത്താവള പ്രവർത്തനങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുന്നു. ഒപ്പം യാത്രക്കാർക്ക് അതിവേഗം സുരക്ഷാ പ്രക്രിയ പൂർത്തിയാക്കാനുകും. 200 കോടി രൂപ മുതൽ മുടക്കിൽ നടപ്പാകുന്ന പദ്ധതി മെയ് 19 ന് വൈകുന്നേരം അഞ്ചിന് സിയാൽ കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രിയും സിയാൽ ചെയർമാനുമായ പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങളിൽ സുരക്ഷയും കാര്യക്ഷമതയും വർധിപ്പിക്കുക, യാത്രക്കാരിലേക്ക് കൂടുതൽ കൃത്യതയോടെ സേവനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് സിയാൽ 2.0 യിലൂടെ ലക്ഷ്യമിടുന്നത്. സൈബർ സ്പെയ്സിലെ പുതിയ വെല്ലുവിളികൾ നേരിടുക, യാത്ര സുഗമമാക്കുക എന്നീ ഉദ്ദേശ്യത്തോടെ നടപ്പിലാക്കുന്ന വിവര സാങ്കേതികവിദ്യ അനുബന്ധ പദ്ധതികളാണ് സിയാൽ 2.0 യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുഖ്യമന്ത്രിയുടെയും ഡയറക്ടർ ബോർഡിന്റെയും നിർദേശാനുസരണം നടപ്പിലാക്കുന്ന പദ്ധതിയിലൂടെ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ വളർച്ചയുടെ പുതിയൊരു ഘട്ടത്തിന് തുടക്കം കുറിക്കുകയാണെന്ന് സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് പറഞ്ഞു.

നിർമാണം പൂർത്തീകരിച്ച സൈബർ ഡിഫൻസ് ഓപ്പറേഷൻസ് സെന്റർ പ്രവർത്തന സജ്ജമാകുന്നതോടെ വിമാനത്താവളവുമായി ബന്ധപ്പെട്ട എല്ലാ ഓൺലൈൻ സംവിധാനങ്ങളുടെ സെർവറുകളും




സൈബർ സുരക്ഷാ സാങ്കേതികവിദ്യയും തദ്ദേശീയമായി തന്നെ കൈകാര്യം ചെയ്യാനാകും. സൈബർ ഭീഷണികളെ നിരന്തരം നിരീക്ഷിക്കുകയും കണ്ടെത്തുകയും നിർവീര്യമാക്കുകയും ചെയ്യാൻ ശേഷിയുള്ളതാണ് ഈ സംവിധാനം. ഇതോടെ വിദേശത്ത് നിന്ന് നിരന്തരമുണ്ടാകുന്ന വിവിധ തരത്തിലുള്ള ഓൺലൈൻ അക്രമങ്ങളെ കാര്യക്ഷമമായി പ്രതിരോധിക്കാൻ കഴിയും. യാത്രക്കാരുടെ സുരക്ഷാ പരിശോധന വേഗത്തിലും സുരക്ഷാ ഭടൻമാരുടെ ഇടപെടൽ ഇല്ലാതെയും പൂർത്തിയാക്കാൻ ഫുൾ ബോഡി സ്കാനറുകൾ സ്ഥാപിച്ചുവരുന്നു.സുരക്ഷാ പരിശോധന സമയത്ത് ക്യാബിൻ ബാഗേജുകളുടെ നീക്കം വേഗത്തിലാക്കുന്ന ഓട്ടോമേറ്റഡ് ട്രേ റിട്രീവൽ സിസ്റ്റം.

വിമാനത്താവളത്തിന്റെ ഓപ്പറേഷണൽ മേഖലയിലെയും പരിസര പ്രദേശങ്ങളിലെയും സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി നിർമിത ബുദ്ധി അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന 4,000 ക്യാമറകൾ സ്ഥാപിച്ചുവരുന്നു. തത്സമയ നിരീക്ഷണം, വിശകലനം, അതിവേഗ ഇടപെടൽ എന്നിവ ഇതിലൂടെ സാധ്യമാകുന്നു. സ്ഫോടകവസ്തുക്കൾ നിർവീര്യമാക്കുന്നതിനുള്ള ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസൽ സിസ്റ്റം (ആളട) ആധുനികവത്കരിക്കുന്നു. ലിക്വിഡ് എക്സ്പ്ലോസീവ് ഡിറ്റക്ടർ, ത്രെറ്റ് കണ്ടെയ്ൻമെൻറ് വെസ്സൽ എന്നീ സംവിധാനങ്ങളും. എയർപോർട്ട് ഓപ്പറേഷണൽ ഡാറ്റാബേസ്, ഫ്ലൈറ്റ് ഇൻഫർമേഷൻ ഡിസ്പ്ലേ സിസ്റ്റം, ഫ്ളൈറ്റ് അനൗൺസ്മെന്റ് സിസ്റ്റം, കോമൺ യൂസ് പാസഞ്ചർ പ്രോസസിങ് സിസ്റ്റം, ഡാറ്റ സെന്റർ, നെറ്റ് വർക്ക് ഇൻഫ്രാസ്ട്രക്ച്ചർ എന്നിവ ആധുനികവത്ക്കരിക്കുന്നു. എ.ഐ അധിഷ്ഠിത ഡിജിറ്റൽ പ്ലാറ്റ്ഫോം, ബാഗേജ് ട്രാക്കിങ്, ഫേഷ്യൽ ചെക്, പ്രീ പെയ്ഡ് ടാക്സി ബുക്കിങ് കിയോസ്ക്, ലോസ്റ്റ് ഐറ്റം ട്രാക്കർ, ഡിജി യാത്ര സംവിധാനം എന്നിവ ആധുനികവത്കരിക്കുന്നു. സിയാൽ 2.0 യുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് നടത്തുന്ന ഏറോ ഡിജിറ്റൽ സമിറ്റ് ഉച്ചയ്ക്ക് 2.30 മുതൽ രാത്രി 8.30 വരെ സിയാൽ കൺവെൻഷൻ സെന്ററിൽ നടക്കും. സമ്മിറ്റിൽ പുതിയ ഐ. ടി ഇൻഫ്രാ സ്ട്രക്ച്ചറുകളുടെ പ്രദർശനം, റോബോട്ടിക്സ് പ്രദർശനം,വേർച്വൽ റിയാലിറ്റി ഗെയിമിംഗ് എക്സ്പീരിയൻസ്,ഹാർട്ട് സ്റ്റെപ്പർ ആക്ടിവിറ്റി, ഓട്ടോമേറ്റഡ് ഇൻഡസ്ട്രിയൽ അസെംബ്ലി ലൈൻ,പാനൽ ചർച്ച. വിഷയം: ഫ്യൂച്ചർ ഓഫ് ടെക്നോളജി & ഇന്നൊവേഷൻ ഇൻ എയർപോർട്ട്സ് എന്നിവയുണ്ടാകും.




# ഐക്യൂ നിയോ 10 മെയ് 26 ന് ഇന്ത്യയിൽ അവതരിപ്പിക്കും

**കൊച്ചി:** സ്മാർട്ട്ഫോൺ ബ്രാൻഡായ ഐക്യൂ 2025 മെയ് 26 ന് ലോഞ്ച് ചെയ്യാൻ ഒരുങ്ങുന്നു.മൾട്ടിടാസ്കിംഗ് യുവ പ്രൊഫഷണലുകളെയും ആദ്യകാല ജോലിക്കാരെയും ലക്ഷ്യമിട്ടുള്ളതാണ് ഐക്യൂഒ നിയോ 10 എന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഡ്യുവൽ ചിപ്പ് പവർ ഉപയോഗിച്ച് മുൻനിര നിലവാരത്തിലുള്ള പ്രകടനവും നൂതനത്വവും വേഗതയും നൽകുന്ന ഇന്ത്യയിലെ ഏറ്റവും വേഗതയേറിയ സ്മാർട്ട്ഫോണാണ് ഐക്യൂഒ നിയോ 10.സ്നാപ്ഡ്രാഗൺ 8എസ് ജെൻ 4 പ്രോസസർ ഉൾക്കൊള്ളുന്ന ഇന്ത്യയിലെ ആദ്യത്തെ സ്മാർട്ട്ഫോണാണിത്, ഇ ഫ് ളാഗ്ഷിപ്പ്ഗ്രേഡ് വേഗതയും കാര്യക്ഷമതയും നൽകുന്നു. ഐക്യൂയുടെ പ്രൊപ്രൈറ്ററി സൂപ്പർ കമ്പ്യൂട്ടിംഗ് ചിപ്പ് ക്യൂ 1 യുമായി ജോടിയാക്കുമ്പോൾ, ഇത് 2.42 ദശലക്ഷത്തിലധികം ശ്രദ്ധേയമായ ആൻടുട്ടു ബെഞ്ച്മാർക്ക് സ്കോർ നേടുന്നു.

# ലെനോവോ തിങ്ക്പാഡ് എക്സ്9 ഓറ എഡിഷൻ അവതരിപ്പിച്ചു

**കൊച്ചി:** പ്രമുഖ സാങ്കേതികവിദ്യാ കമ്പനി ലെനോവോ കേരളത്തിൽ എ ഐ അധിഷ്ടിത തിങ്ക്പാഡ് എക്സ്9 14 ഓറ എഡിഷൻ പി സി അവതരിപ്പിച്ചു. ഗ്രാൻഡ് ഹയാത്ത് ഹോട്ടലിൽ നടന്ന ചടങ്ങിൽ ഡിജിറ്റൽ വർക്ക്പ്ലെയ്സ് സൊലൂഷൻസ് (ഡിഡബ്ല്യൂഎസ്), ഡിവൈസ് ആസ് എ സർവീസ് (ഡാസ്), ട്രൂസ്കെയിൽ തുടങ്ങിയവയും അവതരിപ്പിച്ചു. റിമോട്ട്, ഹൈബ്രിഡ്, ഓൺസൈറ്റ് മാതൃകകളെ പിന്തുണയ്ക്കുന്ന ഡിജിറ്റൽ വർക്ക്പ്ലെയ്സ് സോലൂഷ്യൻസ് (ഡിഡബ്ല്യൂഎസ്) കമ്പനിയുടെ പോർട്ട്ഫോളിയിൽ ഉൾപ്പെടുന്നു. ലെനോവോയുടെ സൊല്യൂഷൻസ് ആൻഡ് സർവീസസ് ഗ്രൂപ്പ് (എസ്എസ്ജി) സംരംഭകരെ ഐടി ലളിതമാക്കുന്നതിലും ഭാവിക്ക് അനുയോജ്യമായ ഡിജിറ്റൽ തൊഴിലിടങ്ങൾ രൂപപ്പെടുത്തുന്നതിലും സഹായിക്കുന്നതായി കമ്പനി വ്യക്തമാക്കുന്നു




പരമാവധി മലിനീകരണം ഒഴിവാക്കാനും പരിസ്ഥിതിയെ സംരക്ഷിക്കാനുമുള്ള ലെനോവയുടെ 2025ലെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി ഉപഭോക്താക്കളിൽ നിന്നുള്ള ഉപയോഗശൂന്യമായ ഉൽപ്പന്നങ്ങൾ റീസൈക്കിൾ ചെയ്തും പ്ലാസ്റ്റിക് രഹിത എഫ് എസ് സി സർട്ടിഫിക്കറ്റോടെയുള്ള പാക്കേജിംഗും ഊർജ്ജകാര്യക്ഷമതയുള്ള ഘടകങ്ങൾ ഉപയോഗിച്ചുമാണ് ലെനോവോയുടെ ഏറ്റവും പുതിയ ഡിവൈസുകൾ നിർമിക്കുന്നതെന്ന് ലെനോവോ ഇന്ത്യ സൊല്യൂഷൻസ് & സർവീസസ് ഗ്രൂപ്പ് ഡയറക്ടർ എസ് കെ വെങ്കടരാഘവൻ, ലെനോവോ ഇന്ത്യ നോട്ട്ബുക്സ് നാഷണൽ പ്രോഡക്ട് ഹെഡ് ശ്രീഹരി എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.ഇക്കാലത്ത് സംരംഭങ്ങൾ എഐ ഉപയോഗിക്കുന്നതിൽ സഹായിക്കാനും ഐടി മാനേജ്മെന്റ് ലളിതമാക്കാനും സുസ്ഥിര വളർച്ചയെ പോഷിപ്പിക്കാനും സഹായിക്കാൻ കഴിയുന്ന വിശ്വസ്ത പങ്കാളികളെ തേടുകയാണന്ന് എസ് കെ വെങ്കടരാഘവൻ പറഞ്ഞു. ലെനോവോയെ സംബന്ധിച്ച് എ ഐ പിന്തുണയ്ക്കുന്ന തിങ്ക്പാഡ് ഓറ പോലുള്ള ഡിവൈസുകൾ, കൂടുതൽ സ്മാർട്ടായ സേവനങ്ങൾ, വർധിച്ചുവരുന്ന ആവശ്യങ്ങൾക്കുള്ള പരിഹാരങ്ങൾ എന്നിവയിലുടനീളം വ്യാപിച്ചുകിടക്കുന്ന തങ്ങളുടെ ഫുൾസ്റ്റാക്ക് പോർട്ട്ഫോളിയോ ഇത്തരത്തിൽ ഉയർന്നുവരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമാണെന്നും അദ്ദേഹം പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com